# നൂറുപവനോളം സ്വർണ്ണം പിടിച്ചു പറിച്ച അന്തർ സംസ്ഥാന മോഷണ സംഘത്തിലെ പ്രധാനികൾ അറസ്റ്റിൽ

കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമായി നൂറുപവനോളം തൂക്കത്തിലുള്ള സ്വർണ മാലകൾ പിടിച്ചു പറിച്ച സംഘത്തിലെ പ്രധാന കണ്ണികൾ അറസ്റ്റിലായി.

വഴിയാത്രക്കാരും ഇരുചക്ര വാഹന യാത്രക്കാരുമായ സ്ത്രീകളുടെ കഴുത്തിൽ നിന്നും മാല പൊട്ടിക്കുന്ന മോഷ്ടാവും സഹായിയുമായ യുവതിയുമാണ് പിടിലായത്.

പൂവാർ ഊറ്റുകുഴി വലിയവിള വീട്ടിൽ നിന്നും പൂവാർ ബണ്ട് റോഡിന് സമീപം വാടകയ്ക്ക് താമസിക്കുന്ന രാംകുമാറിന്റെ മകൻ ഷമീർ എന്ന ഗോകുൽ ( വയസ് 19 ) , സ്വർണം വിൽക്കാനും പണയം വയ്ക്കാനും സഹായിക്കുകയും സ്വർണം സൂക്ഷിക്കുകയും ചെയ്യുന്ന പേയാട് കാരംകോട്ടുകോണം സ്വദേശിനി മായ എന്നു വിളിക്കുന്ന വിജിത ( വയസ് 28 ) എന്നിവരാണ് അറസ്റ്റിലായത്.

ബൈക്ക് ഓടിക്കുന്ന ആളും രണ്ടാം പ്രതിയുമായ ഒന്നാം പ്രതിയായ ഗോകുലിന്റെ ജേഷ്ഠനുമായ രാഹുൽ രാജ് ( വയസ് 21 ) ഒളിവിലാണ്

ഒന്നര വർഷത്തോളമായി അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന പിടിച്ചുപറികൾക്ക് ശമനം വരുത്തുന്നതിനായി പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തുകയും വാഹന പരിശോധന കർശനമാക്കുകയും ചെയ്തിരുന്നു.

അത്തരത്തിൽ വാഹന പരിശോധന നടക്കുമ്പോൾ പാറശ്ശാല പോലീസിനെ വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച ബൈക്ക് യാത്രികനായ ഗോകുൽ രാജിനെ തടഞ്ഞു നിർത്തി നടത്തിയ പരിശോധനയിൽ വാഹനത്തിൽ പതിച്ചിരുന്ന രജിസ്ട്രേഷൻ നമ്പർ വ്യാജമാണെന്ന് കണ്ടെത്തുകയായിരുന്നു.

യഥാർത്ഥ നമ്പർ പ്ലേറ്റിനു മുകളിൽ വ്യാജ നമ്പർ പതിപ്പിച്ച് ഓടിയ ബൈക്കിനേയും യാത്രികനായ ഗോകുലിനേയും പാറശ്ശാല പോലീസ് സ്റ്റേഷനിലെത്തിച്ച് കൂടുതൽ പരിശോധിച്ചപ്പോഴാണ് പോക്കറ്റിൽ നിന്നും ഒരു സ്വർണ്ണ മാല ലഭിയ്ക്കുകയും വിശദമായ ചോദ്യം ചെയ്യലിൽ കഴിഞ്ഞ മാസം ആദ്യവാരം പ്ലാമൂട്ടുക്കട ഭാഗത്ത് സ്കൂട്ടറിൽ യാത്ര ചെയ്ത് സ്ത്രീയുടെ കഴുത്തിൽ നിന്ന് ഗോകുലും ജ്യേഷ്ഠനായ രാഹുൽ രാജും ബൈക്ക് ഓടിച്ച് അടുത്തെത്തി പൊട്ടിച്ചെടുത്ത മാലയാണെന്നും വിൽക്കാനായി കൊണ്ടു പോകുകയാണെന്നും സമ്മതിയ്ക്കുകയുണ്ടായി .

തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഒന്നര വർഷത്തോളമായി തെളിയിയ്ക്കപ്പെടാതെ കിടന്ന ഒട്ടനവധി പിടിച്ചുപറി കേസുകൾക്ക് തുമ്പുണ്ടാവുകയായിരുന്നു.

തിരുവനന്തപുരം ജില്ലയിൽ നരുവാമൂട്, പാറശ്ശാല , പൊഴിയൂർ സ്റ്റേഷൻ പരിധിയിലും, കന്യാകുമാരി ജില്ലയിൽ മാർത്താണ്ഡം, കുളച്ചൽ, കളിയിയ്ക്കാവിള, കൊല്ലങ്കോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പിടിച്ചുപറിച്ച കേസ്സുകളുമാണ് തെളിയിയ്ക്കപ്പെട്ടത്.

ജേഷ്ഠനായ ഷഫീക്ക് എന്നു വിളിയ്ക്കുന്ന രാഹുൽരാജ് ഓടിയ്ക്കുന്ന ബൈക്കിനു പിന്നിലിരുന്നാണ് അനുജനായ ഗോകുൽ വഴിയാത്രക്കാരുടെ മാല പൊട്ടിയ്ക്കുന്നത്.

പൊട്ടിച്ചെടുക്കുന്ന മാലകളിൽ ചിലത് പേയാട് സ്വദേശിനിയായ വിജിതയെ ഏൽപ്പിയ്ക്കുകയും വിജിത സ്വർണ്ണം പണയം വച്ചോ വിൽപ്പന നടത്തിയോ ലഭിയ്ക്കുന്ന പണത്തിൽ നിന്ന് തന്റെ വിഹിതം പോയിട്ട് ഗോകുലിന് നൽകുകയാണ് പതിവ്

സ്വർണ്ണം വിറ്റ് കിട്ടുന്ന പണം ആഡംബര ജീവിതം നയിയ്ക്കുന്നതിനും വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിയ്ക്കുന്നതിനും മറ്റുമാണ് ചെലവഴിയ്ക്കാറുള്ളത്.

പൊട്ടിച്ചെടുത്ത സ്വർണ്ണ മാലകളിൽ ചിലത് ഗോകുലിൻേറയും വിജിതയുടേയും വീടുകളിൽ നിന്ന് പോലീസിന് ലഭിച്ചിട്ടുണ്ട്.

രാഹുലിനെക്കൂടെ പിടികൂടിയാൽ മാത്രമെ ബാക്കിയുള്ള സ്വർണ്ണം എവിടെയുണ്ടെന്ന് അറിയാൻ സാധിയ്ക്കുകയുള്ളൂ. രണ്ടാം പ്രതിയായ രാഹുലിന് വേണ്ടിയുള്ള അന്വേഷണം ഊർജ്ജിതമാക്കിയതായി പോലീസ് പറയുന്നു.

തിരുവനന്തപുരം റൂറൽ ജില്ലാപോലീസ് മേധാവി ശ്രീ ഷെഫീൻ അഹമ്മദ് IPS ൻെറ നിർദ്ദേശാനുസരണം നെയ്യാറ്റിൻകര DySP എം.കെ. സുൽഫിക്കർ, ജില്ലാ ക്രൈം ബ്രാഞ്ച് DySP സുരേഷ് കുമാർ , പാറശ്ശാല സർക്കിൾ ഇൻസ്പെക്ടർ ജെ. സന്തോഷ് കുമാർ, പാറശ്ശാല സബ് ഇൻസ്പെക്ടർ എസ്. ബി. പ്രവീൺ, ഷാഡോ പോലീസ് സബ് ഇൻസ്പെക്ടർ സിജു, K.L.നായർ, ഷാഡോ ടീം അംഗങ്ങളായ പോൾവിൻ, പ്രവീൺ ആനന്ദ്, അജിത് , CPO മാരായ പ്രേംകുമാർ , ബിജു, വനിതപോലീസുകാരായ ശ്രീകല, സുമ, ഷീജ, ജീജ എന്നിവരാണ് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തത്.